**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** | **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരളഗ്രോ ഔട്ട്‌ലെറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് മൂല്യവർദ്ധനവിലൂടെ കൂടുതൽ വിപണി ലഭ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, അനുയോജ്യമായ മൂല്യവർധന പ്രവർത്തനങ്ങൾ, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ.കൾ) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഒ-കൾക്ക് 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതിനും, മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകളും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യുബേഷൻ സെൻററിൽ നിന്ന് നൽകി വരുന്നുണ്ട്. കാർഷിക ഉൽപന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണന സംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങും സംസ്ഥാന കൃഷിവകുപ്പും തമ്മിൽ ധാരണപത്രം ഒപ്പിടുകയും, ആയതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും, കർഷകർക്കും, FPO-കൾക്കും, കർഷകഗ്രൂപ്പുകൾക്കും, കൃഷിക്കൂട്ടങ്ങൾക്കും, 2 ദിവസം വീതമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൌൺസിൽ കേരളം (വി.എഫ്.പി.സി.കെ) ന്റെ കീഴിൽ 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തുവരുന്നു. കൂടാതെ അതിരപ്പിള്ളിയിലും, Attappadi Tribal Farmers Association for Millets(ATFAM) ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും, ചെറു ധാന്യങ്ങളുടെ സംസ്കരണശാല (Common Processing Center) പ്രവർത്തിച്ചു വരുന്നു.. പോസ്റ്റ് ഹാർവെസ്റ്റ് & വാല്യൂ അഡിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ തണ്ണീർമുക്കം പഞ്ചായത്തിൽ ചെറു ധാന്യങ്ങളുടെ ഒരു സംസ്കരണശാല (Common Processing Center) ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന് കീഴിൽ മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിംഗ് യൂണിറ്റ്, ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസ്സിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു.<br><br>ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ, കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ), കർഷക ഉത്പാദക കമ്പനികൾ (എഫ്.പി.സി) മറ്റ് കർഷകക്കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ, നിലവിൽ കൃഷി വകുപ്പിന്റെയും, ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ.-യുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ഔട്ട്-ലെറ്റുകൾ വഴി വിപണനം നടത്തുന്നതിലൂടെ കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നു. |
| (ബി) | വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിലൂടെ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>2022-23 സാമ്പത്തികവർഷത്തിൽ കൃഷി വകുപ്പ് "Keralagro" എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്ത് ഉത്പന്നങ്ങൾക്ക് ‘കേരളഗ്രോ’ ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPO-കൾ, FPC-കൾ, മറ്റ് കർഷകകൂട്ടായ്മകൾ, കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉത്പ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക് ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിലൂടെ ടി ഉത്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് അവ എത്തിക്കുന്നതിനും, അത് വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും സാദ്ധ്യമാകുന്നു.<br><br>2023-24 സാമ്പത്തിക വർഷം മുതൽ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും തങ്ങളുടെ ഉത്പ്പന്നത്തിന് കേരളഗ്രോ ബ്രാൻഡ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാതു കൃഷിഭവനിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് "Keralagro" ബ്രാൻഡ് അനുവദിച്ചുവരുന്നു.<br><br>കേരളഗ്രോ ബ്രാൻഡഡ് ഉത്പ്പന്നങ്ങൾ, നിലവിൽ വിവിധ പദ്ധതികൾ പ്രകാരം കൃഷി വകുപ്പ് സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീട്ടെയിൽ ഔട്ട്-ലെറ്റുകൾ എന്നിവ മുഖേന നേരിട്ടും, ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>പൂർണമായും ജൈവരീതിയിൽ ഉത്പ്പാദിപ്പിക്കപ്പെടുന്നതും National Programme on Organic Production (NPOP) സർട്ടിഫിക്കേഷൻ ഉള്ളതുമായ ഉത്പ്പന്നങ്ങൾക്ക് "കേരളഗ്രോ ഓർഗാനിക്" എന്ന പേരിലും, ഉത്തമ കൃഷി മുറകൾ അനുവർത്തിച്ച് ഉത്പ്പാദിപ്പിക്കപ്പെടുന്നതും PGS-Green സർട്ടിഫിക്കേഷൻ ഉള്ളതുമായ ഉത്പ്പന്നങ്ങൾക്ക് "കേരളഗ്രോ ഗ്രീൻ" എന്ന പേരിലും ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 15 ഉത്പ്പന്നങ്ങൾക്ക് "കേരളഗ്രോ ഓർഗാനിക്" ബ്രാൻഡും, 11 ഉത്പ്പന്നങ്ങൾക്ക് "കേരളഗ്രോ ഗ്രീൻ" ബ്രാൻഡും അനുവദിച്ചിട്ടുണ്ട്. |
| (സി) | കേരളഗ്രോ ബ്രാൻഡിലൂടെ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തു | (സി) | കേരളഗ്രോ ബ്രാൻഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് കൃഷിഭവനിലെ |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ; | | ഉദ്യോഗസ്ഥർ പ്രസ്തുത യൂണിറ്റുകൾ സന്ദർശിച്ച് മൂല്യവർധന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ<br>ലഭ്യത, മാലിന്യനിർമാർജ്ജനത്തിനുള്ള ക്രമീകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, FSSAI രജിസ്ട്രേഷൻ, ലീഗൽ മെട്രോളജി വകുപ്പിൽ നിന്നുള്ള ലൈസൻസ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കുന്നു. കൂടാതെ ഭക്ഷ്യഉൽപ്പന്നങ്ങളുടെ പോഷക ഗുണം ഉറപ്പാക്കുന്നതിന് ന്യൂട്രീഷണൽ അനാലിസിസും നടത്തുന്നു. |
| (ഡി) | കേരളഗ്രോ ഔട്ട്‌ലെറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ രണ്ടും മറ്റ് ജില്ലകളിൽ ഒന്ന് വീതവും ആകെ 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം 2024 ഒക്ടോബർ ഒന്നാം തീയതി തിരുവനന്തപുരത്ത് ഉള്ളൂരിൽ സ്ഥാപിച്ചിട്ടുള്ള കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിൽ വച്ച് നടന്നു. മറ്റ് ബ്രാൻഡഡ് ഷോപ്പുകളുടെ പ്രവർത്തനം 2024 ഒക്ടോബർ - നവംബർ മാസങ്ങളിലായി ആരംഭിക്കുന്നതിനുള്ള ശ്രമത്തിലാണ്.<br><br>കൂടാതെ ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു കേരളഗ്രോ റീട്ടെയിൽ ഔട്ട് ലെറ്റ് വീതം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ